DESPATCHED
On..20/2/2020



29/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 559(6)/2015/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6710/*എസ്.ഐ.സി–ജി 5/2015***

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി. ബീന എ.എഫ്,<br>വാഴപ്പിള്ളി വീട്, പഴമുക്ക്,<br>മുണ്ടൂർ പി.ഒ., തൃശ്ശൂർ–680541.. | പരാതി ഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>എച്ച് സെക്ഷൻ,<br>പൊതു വിദ്യാഭ്യാസ ഡയറ്കടറുടെ കാര്യാലയം,<br>തിരുവനന്തപുരം. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28/02/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 28/04/2015 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 30/04/2015 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 28/01/2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി ബീന.എ.എഫ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i) സെൻസസ് ഓഫ് ഇൻഡ്യ 2011 ദേശീയ സംഖ്യ രജിസ്റ്റർ(NPR) കുടുംബ വിവര പട്ടിക തയ്യാറാക്കൽ ജോലിക്ക് അദ്ധ്യാപകരെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

ii) സെൻസസ് ഓഫ് ഇൻഡ്യ 2011 ദേശീയ സംഖ്യ രജിസ്റ്റർ(NPR) കുടുംബ വിവര പട്ടിക തയ്യാറാക്കലിന് നിയോഗിക്കപ്പെട്ട അദ്ധ്യാപകർക്ക് എത്ര ദിവസത്തെ ആർജ്ജിത അവധിക്കാണ് (Leave Surrender) അർഹതയുള്ളതെന്നും

iii) ഏത് ഉത്തരവ് പ്രകാരമാണ് മേൽപ്പടി ഡ്യൂട്ടിക്ക് ആർജ്ജിത അവധി അനുവദിച്ചിട്ടുള്ളതെന്നും ആണ്

3. കമ്മീഷൻ മുമ്പാകെ ഹർജിക്കാരി 23/01/2020 തീയതി സമർപ്പിച്ച കത്തിൽ പ്രസ്താവിച്ചത്, 2010 സെൻസസിൽ 48 ദിവസം ഡ്യൂട്ടി ചെയ്ത ഒരു അദ്ധ്യാപികയാണ് ടിയാളെന്നും ആ വർഷം പ്രധാന അദ്ധ്യാപിക റിട്ടയർ ചെയ്തതിനാൽ 24 ദിവസത്തെ സർണ്ടർ ലീവ് ക്യാഷ് ചെയ്യാൻ വൈകിയെന്നും അതിനിടിയിൽ 24 ദിവസത്തെ ആർജ്ജിത അവധി വേതനം 8 ദിവസമായി ചുരുക്കി ഓർഡർ വന്നു എന്നും എന്നാൽ ബഹുഭൂരിപക്ഷം സെൻസസ് ഡ്യൂട്ടികാരും 24 ദിവസം ക്യാഷ് ചെയ്തിരുന്നുവെന്നും മേൽപ്പടി സാഹചര്യത്തിലാണ് ഹർജിക്കാരി വിവരങ്ങൾ ആവശ്യപ്പെട്ടതെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ 28/02/2015-ലെ അപേക്ഷ മേൽപ്പടി

ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല എന്നും അതിനാലാണ് ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയാതിരുന്നതെന്നും മറ്റുമാണ്. ഹർജിക്കാരിയുടെ 28/02/2015-ലെ അപേക്ഷ എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ചതായി കാണപ്പെടാത്തതിനാൽ കമ്മീഷൻ ഹിയറിംഗ് സമയം ഹർജിക്കാരിയുടെ അപേക്ഷയുടെ പകർപ്പ് നിലവിലെ എതിർകക്ഷിക്ക് നല്കുകയുണ്ടായി. ആയത് പ്രകാരം എതിർകക്ഷി ഓഫീസിൽ ലഭ്യമായ പൂർണ്ണ വിവരങ്ങൾ ഹർജിക്കാരിക്ക് നലകുന്നതാണെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചതിനാൽ, ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

bm